4. സനീഷ് എം., S/o. മോഹനൻ, 5. ലിജേഷ്, 6. വിനോദ്, 7. സി. പി. രാധാകൃഷ്ണൻ, S/o. രാഘവൻ, 8. നിജിൻദാസ്, 9. ഷിജിൻ, 10. റിഗിൽ പി. കെ., S/o. ബാബു എന്നിവർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(സി) ടി സംഭവവുമായിബന്ധപ്പെട്ട കേസിലെ പ്രതികളായ പ്രശോഭ്, വൈശാഖ്, റിഗിൽ പി. കെ. എന്നിവർ നൃമാഹി സ്റ്റേഷനിൽ അന്വേഷണോദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാകുകയും ടിയാന്മാരെ അറസ്റ്റ് രേഖപ്പെടുത്തി സ്റ്റേഷനിൽനിന്നും ജാമ്യം നൽകിയിട്ടുള്ളതുമാണ്. തുടർന്ന് തലശ്ശേരി പോലീസ് ഇൻസ്പെക്ടർ ടി കേസിൽ u/s 457 IPC എന്ന വകുപ്പുകൂടി കൂട്ടിച്ചേർത്ത് അന്വേഷണം ഏറ്റെടുത്തതിനുശേഷം ധിജിൻ ദിനേശ്, സി. പി. രാധാകൃഷ്ണൻ, സനീഷ് എം. എന്നിവരെ അറസ്റ്റ് ചെയ്യുകയും ബഹുമാനപ്പെട്ട കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. കൂടാതെ സ്റ്റേഷനിൽനിന്നും ജാമ്യം നൽകിയവരുടെ ജാമ്യം റദ്ദ് ചെയ്യുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേസ് അന്വേഷണാവസ്ഥയിലാണ്.

എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച്

286 (296) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിൽ ഫ്ലാറ്റ് നിർമ്മാണത്തിൽ അഗ്നിശമനസേനയുടെ എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച നിലവിലുള്ള നിയമവ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) എത്ര മീറ്ററിന് മുകളിലുള്ള, എത്ര സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള ഫ്ലാറ്റുകൾക്കും കെട്ടിടങ്ങൾക്കുമാണ് അഗ്നിശമനസേനയുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) കേരള ബിൽഡിംഗ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം പതിനാറ് മീറ്ററിൽ കുറവുള്ള നാല് നില ഫ്ലാറ്റുകൾക്ക് അഗ്നിശമന സേനയുടെ എൻ.ഒ.സി. ആവശ്യമാണോ ; ഇപ്രകാരമുള്ള എത്ര അപേക്ഷകൾ അഗ്നിശമനസേനയുടെ കമാണ്ടന്റ് ജനറൽ ഓഫീസിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്നുണ്ട് ; വിശദമാക്കാമോ ;

(ഡി) 16 മീറ്ററിന് മുകളിൽ ഉയരമുള്ള എത്ര ഫ്ലാറ്റ് പദ്ധതികളുടെ ഫയൽ എൻ.സി. ക്ക് വേണ്ടിയുള്ള അപേക്ഷകൾ ഇപ്പോൾ തീരുമാനം എടുക്കാതെ ബാക്കിനില്പുണ്ട് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.ബി.സി. 2005, കെ.എം.ബി.ആർ. എന്നിവയിലെ വ്യവസ്ഥകളും ചട്ടങ്ങളും പ്രകാരമാണ് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽനിന്ന് എൻ.ഒ.സി. അനുവദിച്ചു വരുന്നത്.

(ബി) എൻ.ബി.സി. 2005, കെ.എം.ബി.ആർ. വ്യവസ്ഥകൾക്കുവിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾമുഖേന ലഭിക്കുന്ന എൻ.ഒ.സി. അപേക്ഷകളാണ് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ പരിശോധിച്ച് വരുന്നത്.

(സി) ആവശ്യമാണ്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ ഓഫീസിൽ 16 മീറ്ററിൽ കുറവുള്ള കെട്ടിടങ്ങൾക്കായുള്ള എൻ.ഒ.സി. അപേക്ഷകൾ അവശേഷിക്കുന്നില്ല.

(ഡി) 16 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഫ്ലാറ്റ്, ഫ്ലാറ്റ് ഇതര കാറ്റഗറിയിൽ ഉൾപ്പെടുന്ന 125 കെട്ടിടങ്ങളുടെ എൻ.ഒ.സി. അപേക്ഷ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ തീരുമാനം ആകാതെ അവശേഷിക്കുന്നുണ്ട്.

ഡി.ജി.പി. ജേക്കബ് തോമസിനെതിരെയുള്ള നടപടികൾ

287 (297) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി. ജേക്കബ് തോമസ് എന്തെങ്കിലും കാര്യത്തിൽ വഴിവിട്ട് കാര്യങ്ങൾ ചെയ്തതായി സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വഴിവിട്ടകാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) സർക്കാരിന്റെ ഏതെങ്കിലും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ അദ്ദേഹം വീഴ്ച വരുത്തുകയുണ്ടായോ; നിയമാനുസൃതമായ ഏതെല്ലാം നിർദ്ദേശങ്ങളാണ് അദ്ദേഹം നടപ്പാക്കാതിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) അദ്ദേഹത്തെ ഫയർഫോഴ്സ് മേധാവി സ്ഥാനത്തുനിന്ന് മാറ്റിയതിന് കാരണമായി ബഹു. മുഖ്യമന്ത്രി മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തിയ സംഗതികൾ ആഭ്യന്തര , ഫയർ ഫോഴ്സ് വകുപ്പുകളുടെ അറിവോട് കൂടിയുള്ളതാണോ ; വസ്തുതകൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.